പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5842 27.10.2011 -ൽ മറുപടിയ്ക്ക്

## വെറ്ററിനറി സർവ്വകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.എ.മാധവൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.എം.എ.വാഹിദ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) വെറ്ററിനറി സർവ്വകലാശാല എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്;വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഏതൊക്കെ രീതീയിലുള്ള സാമ്പത്തിക സഹായത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത്; | ബി) 1.സംസ്ഥാന സർക്കാരിന്റെ നോൺ-പ്ളാൻ , പ്ളാൻ ധനസഹായം വഴിയും, തനതു വരുമാനം വഴിയും.<br>2.സർവ്വകലാശാലയുടെ തനതു വരുമാനം വഴിയും.<br>3.വിവിധ ഏജൻസികളായ ഐ.സി.എ.ആർ, എ.എച്ച്.ഡി,ഡി.ബി.റ്റി,കെ.എസ്.സി.ടി.ഇ തുടങ്ങിയ സാമ്പത്തിക ഏജൻസികളിൽ നിന്നും ഫണ്ട് ലഭിക്കുന്നുണ്ട് |
| സി) ത്രിതല പഞ്ചായത്തുകളുമായും മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായും ചേർന്ന് വിവിധ കോഴ്സുകൾ ആരംഭിക്കുമോ; | സി) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുമായും മറ്റു ബന്ധപ്പെട്ട സ്ഥാപനങ്ങളുമായും ചേർന്ന് വിവിധ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് രൂപം നല്കിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി പങ്കാളിത്ത-വിജ്ഞാന-വ്യാപന-സംരംഭകത്വ പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. |
| ഡി) പ്രസ്തുത സർവ്വകലാശാലയുടെ സ്റ്റഡി സെന്ററുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) പ്രസ്തുത വിജ്ഞാന-വ്യാപന-സംരഭകത്വ പദ്ധതി അനുസരിച്ച് വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ആയതിന്റെ സൂക്ഷ്മ പരിശോധനകൾക്കുശേഷം ഇവയിൽ അംഗീകരിക്കപ്പെടുന്നവ മുൻഗണനാടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ പഠനകേന്ദ്രങ്ങൾ ആക്കിത്തീർക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

Seela
സെക്ഷൻ ഓഫീസർ

## അനുബന്ധം

വെറ്ററിനറി സർവ്വകലാശാലയുടെ പദ്ധതികൾ മൂന്നായി തരം തിരിച്ചിരിക്കുന്നു.

1.വിദ്യാഭ്യാസം
2.ഗവേഷണം
3.വിജ്ഞാനവ്യാപനം

വിദ്യാഭ്യാസ പദ്ധതികളുടെ ഭാഗമായി താഴെ പറയുന്ന വിവിധ ബിരുദ,ബിരുദാനന്തര, ഡോക്ടറൽ കോഴ്സുകൾ നടത്തുന്നു.കൂടാതെ എം.എസ്.ഡിപ്ളോമ കോഴ്സുകളും ഈയടുത്ത് ആരംഭിച്ചിട്ടുണ്ട്.

1. ബി.വി.എസ്.സി & എ.എച്ച്.
2. എം.വി.എസ്.സി -19 വിഷയങ്ങൾ
3. പി.എച്ച്.ഡി -19 വിഷയങ്ങൾ
4.ബി.ടെക്ക് (ഡയറി സയൻസ് & ടെക്നോളജി)
5. എം.എസ്.വൈൽഡ് ലൈഫ് സ്റ്റഡീസ്
6. എം.എസ്.ബയോസ്റ്റാറ്റിറ്റിക്ക്സ്
7.എം.എസ്.ക്വാളിറ്റി സിസ്റ്റംസ് ഇൻ ഡയറി പ്രോസസ്സിംഗ്
8. ഡിപ്ളോമ (ലാബോറട്ടറി ടെക്ക്നിക്ക്സ്)
9. ഡിപ്ളോമ(ഡയറി സയൻസ്)
10. ഡിപ്ളോമ(പൗൾട്രി പ്രൊഡക്ഷൻ)

ഗവേഷണ വിഭാഗത്തിന്റെ കീഴിൽ വിവിധ ഏജൻസികളായ നബാർഡ്, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് & ടെക്നോളജി & എൻവയോൺമെന്റ് , ഐ.സി.എ.ആർ. എന്നിവയിൽ നിന്ന് സഹായധനം സ്വീകരിച്ച് അടിസ്ഥാനമേഖലയിൽ ഗവേഷണം നടത്തിവരുന്നു.

വിജ്ഞാന-വ്യാപനത്തിന്റെ ഭാഗമായി ക്ഷീരവികസനവകുപ്പ്, മൃഗസംരക്ഷണവകുപ്പ്,വൊക്കേഷണൽ ഹയർ സെക്കൻഡറി വകുപ്പ് എന്നിവയുമായി ചേർന്ന് വിവിധതൊഴിലധിഷ്ഠിത പരിശീലനങ്ങളും പങ്കാളിത്ത-വിജ്ഞാപന സംരഭകത്വ പദ്ധതികളും നടത്തിവരുന്നു. കൂടാതെ ലഭ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കർഷകർക്കുള്ള കോഴ്സുകൾ നടത്തിവരുന്നു.

Seela
സെക്ഷൻ ഓഫീസർ